# Malayala Manorama

## 27 August 2018

## Thiruvananthapuram, Rebuild Kerala, Salary Challenge



# ഒരു മാസത്തെ ശമ്പളം പുനർനിർമാണത്തിന്

■ 10 മാസം കൊണ്ട് നൽകിയാൽ മതിയെന്ന് മുഖ്യമന്ത്രി

**മനോരമ ലേഖകൻ**

തിരുവനന്തപുരം ● എല്ലാ വിഭാഗങ്ങളിലും പെട്ട, ശമ്പളം വാങ്ങുന്ന ഓരോ മലയാളിയും ഒരുമാസത്തെ ശമ്പളം ഘട്ടംഘട്ടമായി കേരളത്തിന്റെ പുനർനിർമാണത്തിനു നൽകണമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. ഒരുമാസത്തെ ശമ്പളം ഒന്നിച്ചുനൽകുക പലർക്കും പ്രയാസമാണ്. അതിനാൽ ഓരോ മാസവും മൂന്നു ദിവസത്തെ ശമ്പളം നൽകിയാൽ മതി.

പത്തുമാസമാകുമ്പോൾ ആകെ ഒരു മാസത്തെ ശമ്പളമായി. അങ്ങനെ പുനർനിർമാണം പ്രയാസമില്ലാതെ ചെയ്യാം- 'മനോരമ ന്യൂസി'ന്റെ ലൈവത്തോണിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മലയാളി സമൂഹമാകെ ഭാഗഭാക്കായാൽ അതിജീവനം എളുപ്പമാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഇന്നും നാളെയുമായി സംസ്ഥാനത്തെ സ്കൂളുകൾ മുഴുവൻ വൃത്തിയാക്കും. ക്യാംപ് പ്രവർത്തിച്ച സ്കൂളുകൾക്കു പ്രത്യേക പരിഗണന നൽകും.